# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## കാസർകോട്

| | |
|---|---|
| ഏപ്രിൽ 23<br>APRIL 23 | 2019 |

*1194 മേടം 09,* ചൊവ്വ

# പത്രക്കുറിപ്പ്-1

www.prd.kerala.gov.in dioksgd@gmail.com ഫോൺ 04994 255145

## 43 ബൂത്തുകളിലെ വോട്ടെടുപ്പ് തൽസമയം നിരീക്ഷിച്ച് കളക്ടറും സംഘവും

തെരഞ്ഞെടുപ്പ് ദിനത്തിൽ ജില്ലയിലെ 43 പ്രശ്നബാധിത ബൂത്തുകളിലെ പ്രവർത്തനങ്ങൾ തൽസമയം നിരീക്ഷിച്ച് തെരഞ്ഞെടുപ്പ് വരണാധികാരികൂടിയായ ജില്ലാകളക്ടർ ഡോ. ഡി സജിത് ബാബുവും സംഘവും. കളക്ടറേറ്റ് മിനികോൺഫറൻസ് ഹാളിൽ പ്രത്യേകം സജ്ജമാക്കിയ കൺട്രോൾ റൂമിലാണ് ജില്ലയിലെ 43 ബൂത്തുകളിലെ വോട്ടെടുപ്പ് കളക്ടർ തൽസമയം നിരീക്ഷിച്ചത്. കളക്ടർക്കു പുറമെ പൊതുനിരീക്ഷകൻ എസ്.ഗണേഷ്, പൊലീസ് നിരീക്ഷകൻ ഓംപ്രകാശ് ത്രിപാഠി, എഡിഎം: സി ബിജു, ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർ വി പി അബ്ദു റഹ്മാൻ, ട്രയിനിങ്ങ് നോഡൽ ഓഫീസർ കെ.വിനോദ് കുമാർ എന്നിവർ തൽസമയ നിരീക്ഷണത്തിൽ പങ്കാളികളായി.

ഹുസൂർ ശിരസ്തദാർ കെ.നാരായണന്റെ ഏകോപനത്തിൽ കളക്ടറേറ്റിലെ ജീവനക്കാരാണ് കൺട്രോൾ റൂമിൽ പ്രവർത്തിച്ചത്.എൻ ഐ സി ജില്ലാ ഓഫീസർ കെ.രാജന്റെ നേതൃത്വത്തിൽ സാങ്കേതിക സഹായം നൽകി. അക്ഷയ ജില്ല പ്രൊജക്ട് മാനേജർ ശാരിക ബാലഗോപാലന്റെ നേതൃത്വത്തിലാണ് വെബ് കാസ്റ്റിംഗ് നടത്തിയത്.

പ്രശ്നബാധിത ബൂത്തുകളോരോന്നിലും സെറ്റ് ചെയ്ത വെബ്ക്യാമറയിൽ നിന്നുള്ള തൽസമയ ദൃശ്യങ്ങളാണ് കൺട്രോൾ റൂമിൽ കളക്ടറുടെ നേതൃത്വത്തിലുള്ള സംഘം വീക്ഷിച്ചത്. ബൂത്തുകളിൽ പ്രിസൈഡിങ് ഓഫീസർക്ക് സമീപത്തായി സ്ഥാപിച്ച വെബ്ക്യാമറ, വോട്ടർ പോളിങ് ബൂത്തിനകത്ത് പ്രവേശിക്കുന്നതു മുതലുള്ള പ്രവർത്തനങ്ങൾ ഒപ്പിയെടുത്തു. ബൂത്തിനകത്ത് എണ്ണത്തിലധികം വോട്ടർമാർ പ്രവേശിക്കുമ്പോൾ അതത് പ്രിസൈഡിങ് ഓഫീസർമാർക്ക് കളക്ടർ കൺട്രോൾ റൂമിൽ സജ്ജീകരിച്ച് വാർത്താവിനിമയ സംവിധാനം വഴി തിരക്ക് നിയന്ത്രിക്കാനുള്ള നിർദേശങ്ങൾ നൽകി.

ഏതെങ്കിലും ബൂത്തുകളിലെ ദൃശ്യങ്ങൾ വലുതായി കാണണമെങ്കിൽ അതിനായി രണ്ടു പ്രൊജക്ടറുകളും വലിയ സ്ക്രീനുകളും ഒരുക്കിയിരുന്നു. ഇലക്ഷൻ ജീവനക്കാർ, എൻ.ഐ.സി, കെഎസ്ഇബി, ബിഎസ്എൻഎൽ ജീവനക്കാർ ഉൾപ്പെടെ ഇരുപതിലധികം ജീവനക്കാരാണ് ബൂത്തുകളുടെ നിരീക്ഷണത്തിൽ പങ്കാളികളായത്. അക്ഷയക്കായിരുന്നു വെബ്കാസ്റ്റിങിന്റെ ചുമതല. ബിഎസ്എൻഎൽ ആണ് വെബ്കാസ്റ്റിങിന് ആവശ്യമായ നെറ്റ് വർക്ക് സൗകര്യം ഒരുക്കിയത്.

**ഫോട്ടോ അടിക്കുറിപ്പ്:** .(ഇലക്ഷൻ കൺട്രോൾ റൂം -1,2,3)

കളക്ടറേറ്റ് മിനികോൺഫറൻസ് ഹാളിൽ പ്രത്യേകം സജ്ജമാക്കിയ കൺട്രോൾ റൂമിൽ നിന്ന് പ്രശ്ന ബാധിത പ്രദേശത്തെ പോളിങ് ബൂത്തുകളിലെ പ്രവർത്തനങ്ങൾ ജില്ലാ കളക്ടർ ഡോ.ഡി സജിത് ബാബു, തെരഞ്ഞെടുപ്പ് പൊതു നിരീക്ഷകൻ എസ് ഗണേഷ് എന്നിവർ വിലയിരുത്തുന്നു.

## മന്ത്രിയും എം എൽ എമാരും വോട്ട് രേഖപ്പെടുത്തി

പതിനേഴാം ലോക്സഭയിലേക്കുള്ള തെരഞ്ഞെടുപ്പിൽ റവന്യൂ വകുപ്പ് മന്ത്രി ഇ ചന്ദ്രശേഖരനും ജില്ലയിലെ എം എൽ എമാരും കാസർകോട് ലോക്സഭാ മണ്ഡലത്തിലെ വിവിധ കേന്ദ്രങ്ങളിൽ വോട്ട് രേഖപ്പെടുത്തി. റവന്യൂ വകുപ്പ് മന്ത്രി ഇ ചന്ദ്രശേഖരൻ കോളിയടുക്കം ഗവർമെന്റ് യുപി സ്കൂളിലെ 33-ാം നമ്പർ പോളിങ് ബൂത്തിലാണ് വോട്ട് രേഖപ്പെടുത്തിയത്. എൻ.എ നെല്ലിക്കുന്ന് എം എൽ എ, നെല്ലിക്കുന്ന് ഗവർമെന്റ് ഗേൾസ് ഹയർസെക്കഡറി സ്കൂളിലെ 141-ാം ബൂത്തിൽ ആദ്യവോട്ടർ ആയി വോട്ട് ചെയ്തു. കൂട്ടക്കനി ഗവർമെന്റ് യുപി സ്കൂളിലെ 132-ാം നമ്പർ പോളിങ് ബൂത്തിലാണ് കെ.കുഞ്ഞിരാമൻ എം എൽ എ വോട്ട് രേഖപ്പെടുത്തിയത്. എം രാജഗോപാലൻ എം എൽ എ കയ്യൂർ ഗവർമെന്റ് വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളിലെ 30-ാം നമ്പർ ബൂത്തിലും വോട്ടവകാശം വിനിയോഗിച്ചു.

**ഫോട്ടോ അടിക്കുറിപ്പ്:**

റവന്യൂ വകുപ്പ് മന്ത്രി ഇ ചന്ദ്രശേഖരൻ കുടുംബസമേതം കോളിയടുക്കം ഗവർമെന്റ് യുപി സ്കൂളിലെ 33-ാം നമ്പർ പോളിങ് ബൂത്തിൽ എത്തുന്നു ( മിനിസ്റ്റർ വോട്ട് 4)

റവന്യൂ വകുപ്പ് മന്ത്രി ഇ ചന്ദ്രശേഖരൻ പോളിങ് ബൂത്തിൽ വോട്ടർമാർക്കൊപ്പം ഇരിക്കുന്നു ( മിനിസ്റ്റർ വോട്ട് 2)

റവന്യൂ വകുപ്പ് മന്ത്രി ഇ ചന്ദ്രശേഖരൻ വോട്ട് ചെയ്യാൻ ക്യൂവിൽ നിൽക്കുന്നു( മിനിസ്റ്റർ വോട്ട് 3)

റവന്യൂ വകുപ്പ് മന്ത്രി ഇ ചന്ദ്രശേഖരൻ വോട്ട് ചെയ്ത് പുറത്തേക്ക് വരുന്നു( മിനിസ്റ്റർ വോട്ട് 1)

എൻ എ നെല്ലിക്കുന്ന് എം എൽ എ,നെല്ലിക്കുന്ന് ഗവർമെന്റ് ഗേൾസ് ഹയർസെക്കഡറി സ്കൂളിലെ 141-ാം ബൂത്തിൽ വോട്ട് ചെയ്യാൻ ക്യൂ നിൽക്കുന്നു (എം എൽ എ വോട്ട് 1)

## തിരക്കുകൾക്കിടയിലും തമിഴകത്തു നിന്ന് വോട്ട് ചെയ്യാൻ മഹിമ എത്തി

തമിഴ് ചിത്രമായ മഹാമുനിയുടെ ഷൂട്ടിങ് ലോക്കേഷനായ പൊള്ളാച്ചിയിൽ നിന്നാണ് മഹിമ നമ്പ്യാർ വോട്ട് ചെയ്യാൻ കാസർകോട് എത്തിയത്.തമിഴകത്തെ അറിയപ്പെടുന്ന ചലച്ചിത്രതാരമായ മഹിമ നമ്പ്യാർ നായമ്മാർമൂല ടി ഐ എച്ച് എസ് എസിലെ 101-ാം നമ്പർ പോളിങ് ബൂത്തിലാണ് വോട്ട് രേഖപ്പെടുത്തിയത്. ‘‘വോട്ട് രേഖപ്പെടുത്തുന്നതിലൂടെ നമ്മളെ ആര് ഭരിക്കണം എന്ന് നാം തന്നെ തീരുമാനിക്കുകയാണ്.വോട്ട് രേഖപ്പെടുത്തുകയെന്നത് നമ്മുടെ അവകാശമാണ്.അതോടെപ്പം സമൂഹത്തോടുള്ള നമ്മുടെ ഉത്തരവാദിത്വം കൂടിയാണിത്’’ മഹിമ പറഞ്ഞു.ഏട്ടൻ ഉണ്ണികൃഷ്ണനോടൊപ്പമാണ് മഹിമ എത്തിയത്.

സർക്കാർ ജീവനക്കാരായ മാതാപിതാക്കൾ തെരഞ്ഞെടുപ്പ് പ്രക്രിയയിൽ പങ്കാളികളാകുന്നതു കണ്ടുകൊണ്ട് വളർന്നതിനാൽ ചെറുപ്പം മുതലേ വോട്ടിങ്ങിന്റെ പ്രാധാന്യത്തെ കുറിച്ച് അറിയാം എന്ന് മഹിമ പറഞ്ഞു. കാര്യസ്ഥൻ എന്ന ദിലീപ് ചിത്രത്തിലൂടെയാണ് മഹിമ ചലച്ചിത്ര ലോകത്തേക്ക് രംഗപ്രവേശനം ചെയ്തത്.പിന്നീട് തമിഴകത്ത് ശ്രദ്ധകേന്ദ്രീകരിക്കുകയായിരുന്നു. മാസ്റ്റർ പീസ്,മധുര രാജ എന്നീ മലയാള സിനിമകളിലും അഭിനയിച്ചിട്ടുണ്ട്. നായമ്മാർമൂല ടി ഐ എച്ച് എസ് എസിന് സമീപത്താണ് മഹിമയുടെ വീട്.

റെയിൽവേ ഉദ്യോഗസ്ഥനായിരുന്ന കെ സുധാകരന്റെയും നായമ്മാർമൂല ടി ഐ എച്ച് എസ് എസിലെ അധ്യാപിക പിസി വിദ്യയുടെ മകളാണ് മഹിമ.

**ഫോട്ടോ അടിക്കുറിപ്പ്:** (മഹിത വോട്ട്)

നായമ്മാർമൂല ടി ഐ എച്ച് എസ് എസിലെ 101-ാം നമ്പർ പോളിങ് ബൂത്തിൽ വോട്ട് ചെയ്ത മഹിമ നമ്പ്യാർ.

## വോട്ട് രേഖപ്പെടുത്തി ഇഷ ചരിത്രത്തിലേക്ക്

വോട്ടെടുപ്പ് ദിനത്തിൽ കാഞ്ഞങ്ങാട് ദുർഗ ഹയർ സെക്കൻഡറി സ്കൂളിലെ 135-ാം നമ്പർ പോളിങ് ബൂത്ത് ചരിത്ര മുഹൂർത്തത്തിന് സാക്ഷിയായി. ജില്ലയിലെ ഏക ട്രാൻസ്ജെൻഡർ വോട്ടർ ആയ ഇഷാ കിഷോർ വോട്ട് രേഖപ്പെടുത്തിയത് ഇവിടെയാണ്. ജില്ലയിലെ ആദ്യ ട്രാൻസ്ജെൻഡർ വോട്ടർ കൂടിയാണിവർ.

''വോട്ട് രേഖപ്പെടുത്തുന്നതിലൂടെ എന്റെ അധികാരം, എന്റെ അവകാശം, ഞാൻ വിനിയോഗിക്കുകയാണ് ചെയ്തത്. എനിക്ക് എന്റെ ഐഡന്റിറ്റി വെളിപ്പെടുത്തി വോട്ട് ചെയ്യാൻ സാധിച്ചത് അതിയായി സന്തോഷമുള്ള കാര്യമാണ്. ഞാൻ ഞാൻ ആയി അംഗീകരിപ്പെട്ടതിലാണ് സന്തോഷം.''- ഇഷാ കിഷോർ പറഞ്ഞു.

ജനങ്ങളുടെ പ്രശ്നങ്ങളെ മനസിലാക്കുന്ന,നാടിന്റെ വികസനത്തിന് വേണ്ടി പ്രവർത്തിക്കുന്ന,നമ്മുടെ സുരക്ഷിതത്വം ഉറപ്പു വരുത്താൻ കെല്പ്പുള്ള സ്ഥാനാർത്ഥികളെയാണ് തെരഞ്ഞെടുത്ത് ലോക്സഭയിലേക്ക് അയക്കേണ്ടത്. വോട്ട് രേഖപ്പെടുത്തുന്നതിലൂടെ നാം നമ്മുടെ നിലപാടുകളാണ് വെളിപ്പെടുത്തുന്നതെന്ന് അവർ പറഞ്ഞു.

''ജില്ലയിൽ നിരവധി ട്രാൻസ്ജെൻഡറുകൾ ഉണ്ടെങ്കിലും പലരും സ്വന്തം ഐഡന്റിറ്റി വെളിപ്പെടുത്തികൊണ്ട് മുന്നോട്ടു വരാൻ തയ്യാറല്ല.സമൂഹം തന്നെയാണ് അതിന് കാരണം. അടുത്ത തെരഞ്ഞെടുപ്പ് ആകുമ്പോഴേക്കും കൂടുതൽ ട്രാൻസ്ജെൻഡർ വോട്ടർമാർ മുന്നോട്ട് വരുമെന്നു തന്നെയാണ് പ്രതീക്ഷ'' ഇഷ പറഞ്ഞു.

കാഞ്ഞങ്ങാട് സ്വദേശിയായ ഇഷ പ്രാദേശിക വാർത്താ ചാനലിൽ വാർത്ത അവതാരകയാണ്.മോഡലിങ്,നൃത്തം തുടങ്ങിയ മേഖലകളിൽ ഇവർ വ്യക്തി മുദ്ര പതിപ്പിച്ചിട്ടുണ്ട്.

**ഫോട്ടോ അടിക്കുറിപ്പ്-(ഇഷാ കിഷോർ)**

ജില്ലയിലെ ഏക ട്രാൻസ്ജെൻഡർ വോട്ടർ ആയ ഇഷാ കിഷോർ വോട്ട് ചെയ്യാൻ കാഞ്ഞങ്ങാട് ദുർഗ ഹയർ സെക്കഡറി സ്കൂളിലെ 135-ാം നമ്പർ പോളിങ് ബൂത്തിൽ എത്തിയപ്പോൾ.

## ജനാധിപത്യത്തിന് ശക്തി പകരാൻ കന്നി വോട്ടുമായി ഇരട്ടകളെത്തി; മൂന്നുതലമുറയുടെ കരുത്തുമായി

ഇന്ത്യൻ ജനാധിപത്യത്തിന് ശക്തി പകരാൻ കന്നിവോട്ടിന്റെ കരുത്തുമായി എത്തിയ ഇരട്ടകൾക്കിത് ഇരട്ടി മധുരം. ചട്ടഞ്ചാൽ ഗവർമെൻറ് ഹയർസെക്കഡറി സ്കൂളിലെ 35-ാം നമ്പർ ബൂത്തിലാണ് ജനാധിപത്യ പ്രക്രിയക്ക് പിന്തുണയർപ്പിച്ച് ഇരട്ടകളായ അശ്വതിയും ആതിരയും എത്തിയത്. അമ്മ പ്രസന്നയും മുത്തശ്ശി ദാക്ഷായണിയും കൂടിയായതോടെ മൂന്നു തലമുറയുടെ കരുത്തുമായാണ് ഇവർ വോട്ടു ചെയ്തത്. തങ്ങൾ പഠിച്ച സ ്കൂളിൽ തന്നെ ആദ്യ വോട്ട് രേഖപ്പെടുത്താൻ അവസരം ലഭിച്ചതിന്റെ ആഹ്ലാദത്തിലാണ് ഇവർ. ഈ സ്കൂളിൽ തന്നെ പ്ലസ് ടു പഠിച്ച് പരീക്ഷ എഴുതി ഫലം കാത്തിരിക്കുകയാണ് ഇരുവരും.

തെക്കിൽ മഹാലക്ഷ്മീപുരത്തെ പരേതനായ കെ ഭാസ്കരന്റെ മക്കളാണ് ഈ ഇരട്ടകൾ. തെരഞ്ഞെടുപ്പ് തിരിച്ചറിയൽ കാർഡ് ലഭിച്ചത് മുതൽ തെരഞ്ഞെടുപ്പ് ദിനത്തിനായി കാത്തിരിക്കുകയായിരുന്നെന്നും പഠിച്ചു വന്ന സ ്കൂളിൽ നിന്നും തന്നെ തെരഞ്ഞെടുപ്പ് പ്രക്രിയയിൽ ഭാഗമാകാൻ കഴിഞ്ഞതിൽ വളരെയധികം സന്തോഷവുമുണ്ടെന്ന് ഇരട്ടകൾ ഏകസ്വരത്തിൽ പറഞ്ഞു.

### ഫോട്ടോ അടിക്കുറിപ്പ്:

കന്നിവോട്ടിനായി ചട്ടഞ്ചാൽ സ്കൂളിലെത്തിയ ഇരട്ടകളായ അശ്വതിയും ആതിരയും (ട്വിൻസ്)

## വോട്ടെടുപ്പ് കേന്ദ്രങ്ങളിൽ ഭക്ഷണസൗകര്യമൊരുക്കി മാതൃകയായി കുടുംബശ്രീ

ലോകസഭാ തെരഞ്ഞടുപ്പിന്റെ ഭാഗമായി ജില്ലയിലെ വോട്ടെടുപ്പ് കേന്ദ്രങ്ങളിൽ ഭക്ഷണസൗകര്യമൊരുക്കിയത് കുടുംബശ്രീ. പോളിങ് ബൂത്തുകളിലെ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്ക് ഭക്ഷണവും കുടിവെള്ളവും ഉൾപ്പെടെയുള്ളവയാണ് കുടുംബശ്രീ ജില്ലാമിഷന്റെ നേതൃത്വത്തിൽ അതത് കുടുബശ്രീ യൂണിറ്റുകൾ മുഖേന എത്തിച്ചു നൽകിയത്. പലപ്പോഴും തെരഞ്ഞെടുപ്പ് സമയങ്ങളിൽ ഉദ്യോഗസ്ഥർക്ക് ഭക്ഷണം ലഭ്യമല്ലാത്ത അവസ്ഥ ഉണ്ടാകാറുണ്ട്. ഇതിനു പരിഹാരമെന്ന നിലയിലാണ് ജില്ലാ വരണാധികാരികൂടിയ ജില്ലാ കളക്ടർ ഡോ. ഡി സജിത് ബാബുവിന്റെ പ്രത്യേക നിർദേശ പ്രകാരം കുടുംബശ്രീ യൂണിറ്റുകൾ മുഖേന ഭക്ഷണ സൗകര്യമൊ രുക്കിയത്.

പോളിങ് ബൂത്തുകളിൽ തെരഞ്ഞെടുപ്പ് പൂർത്തിയായതിനുശേഷം പരിസരം ഉൾപ്പെടെയുള്ളവ കുടുംബശ്രീയുടെയും ഹരിതകർമ്മസേനയുടെയും നേതൃത്വത്തി

ലാണ് ശുചീകരിച്ചത്. പോളിങ് ബൂത്തുകളിൽ എത്തിയ ഉദ്യോഗസ്ഥർക്ക് 200 രൂപയുടെ കൂപ്പണാണ് നൽകിയിരുന്നത്. രാവിലെ 5.30 ബെഡ്കോഫിയും, 8.30 പ്രഭാതഭക്ഷണവും 11ന് ചായയും ലഘുഭക്ഷണവും ഒരു മണിക്ക് ഉച്ചഭക്ഷണവും 3.30ന് ചായയുമാണ് ഒരുക്കിയിരുന്നത്. കൂടാതെ വോട്ടിങ് പൂർത്തിയാക്കി വോട്ടിങ് സാധനസാമഗ്രികൾ ഏൽപ്പിക്കാൻ സ്വീകരണ കേന്ദ്രലെത്തിയ ഉദ്യോഗസ്ഥർക്ക് ആവശ്യമായ ഭക്ഷണവും കുടുംബശ്രീ തന്നെ നൽകി.

**ഫോട്ടോ അടിക്കുറിപ്പ്**

പോളിങ് ബൂത്തിൽ ഭക്ഷണം വിതരണം ചെയ്യാൻ തയ്യാറെടുക്കുന്ന കുടുംബശ്രീ പ്രവർത്തകർ(മംഗൽപാടി ജിഎച്ച്എസ്എസ്)

(തുടരും)